(ബി) ഈ ഒഴിവുകളിലേയ്ക്ക് ടൈപ്പിസ്റ്റ് നിയമനത്തിന് നിലവിലുള്ള ലിസ്റ്റിൽ നിന്ന് നിയമനം നടത്താത്തതെന്തുകൊണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് അനുകൂലമായ നടപടികൾ സ്വീകരിക്കണമെന്ന് എംപവേർഡ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) സർവ്വകലാശാലയിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും നിയമനം നടത്തുന്നതിന് നിരോധനം നിലവിലുണ്ടോ?

ഉത്തരം

(എ) 35

(ബി) സർവ്വകലാശാലകളിൽ നിന്ന് പ്രീഡിഗ്രി വേർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പുതിയ നിയമനങ്ങൾക്ക് സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സർവ്വകലാശാല സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സ്ഥിരനിയമനം നടത്തുന്നതിന് നിരോധനം ഉണ്ട്.

62 (480) കോളേജുകൾക്കും സർവ്വകലാശാലാ വകുപ്പുകൾക്കും സ്വയംഭരണ അവകാശം നൽകുന്നതിനുള്ള നടപടികൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾക്കും സർവ്വകലാശാലാ വകുപ്പുകൾക്കും സ്വയംഭരണാവകാശം നൽകേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സമിതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(ഡി) 19.11.99 ൽ കൂടിയ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കൗൺസിൽ ഇക്കാര്യം ചർച്ച ചെയ്യുകയും അതിലേയ്ക്ക് വിശദമായ ഒരു പഠനം ആവശ്യമാണെന്ന് കാണുകയും, അതിനാൽ പഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ഒരഞ്ചംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

63 (481) കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം യു.ജി.സി. മാതൃകയിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മുഴുവൻ കോളേജ് അദ്ധ്യാപകരും ഈ പരിഷ്കരണത്തിന്റെ പരിധിയിൽ വരുമോ;

(ഡി) പരിഷ്കരണം നടപ്പിലാക്കുന്നതോടൊപ്പം എന്തെങ്കിലും അധിക യോഗ്യത ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. മാതൃകയിൽ 1-1-1996 മുതൽ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രീ ഡിഗ്രി വിഭാഗത്തെ മാത്രം പഠിപ്പിക്കാൻ നിയമിച്ചിട്ടുള്ള അദ്ധ്യാപകർ ഒഴിച്ചുള്ള യോഗ്യരായ എല്ലാ കോളേജ് അദ്ധ്യാപകരും യു.ജി.സി.യുടെ പരിധിയിൽ വരും.

(ഡി) യു.ജി.സി. നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകളല്ലാതെ അധിക യോഗ്യത ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

64 (482) കോളേജ് ഫീസും പരീക്ഷാഫീസും വർദ്ധിപ്പിക്കൽ

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് ഫീസും പരീക്ഷാഫീസും വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(സി) അംഗീകൃത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ പ്രതിവർഷ പരമാവധി ഫീസ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കിക്കൊണ്ട് നിലവിലുള്ള ഫീസിൽ നിന്നും എത്ര ശതമാനം വർദ്ധനവ് വരുത്താൻ ഇടയായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) അശാസ്ത്രീയമായ ഈ ഫീസ് വർദ്ധന പുനഃപരിശോധിക്കുവാൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ)&(ബി) ഇല്ല. ഫീസ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നതതലസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly